No.CEE/1133/2021/5LLB/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## ത്രിവത്സര എൽ.എൽ.ബി/പഞ്ചവത്സര എൽ.എൽ.ബി/എൽ.എൽ.എം/കെമാറ്റ് 2021 ഓൺലൈൻ പ്രവേശന പരീക്ഷ അഡ്മിറ്റ്കാർഡുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

**2021–22 അധ്യയന വർഷത്തെ** ത്രിവത്സര എൽഎൽ.ബി/പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽഎൽ.ബി/എൽ.എൽ.എം/എം.ബി.എ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ താഴെ നൽകിയിരിക്കുന്ന ഷെഡ്യൂൾ പ്രകാരം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

| തീയതി | കോഴ്സ് | സമയം |
|---|---|---|
| 11. 08.2021 | പഞ്ചവത്സര എൽഎൽ.ബി. | Session 1: 11.15 am -1.15 pm |
| 11. 08.2021 | | Session 2: 2.30 pm -4.30 pm |
| 12.08.2021 | ത്രിവത്സര എൽ.എൽ.ബി | 10.00 am -12.00 noon |
| 12.08.2021 | എൽ.എൽ.എം | 2.30 pm -4.30 pm |
| 13.08.2021 | എം.ബി.എ (കെമാറ്റ്) | 10.30 a.m -1.30 p.m. |

ത്രിവത്സര എൽഎൽ.ബി/പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽഎൽ.ബി/എൽ.എൽ.എം/ എം.ബി.എ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷക്ക് ഓൺ ലൈൻ അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ താഴെപറയുന്ന ലിങ്കുകളിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

| കോഴ്സ് | ലിങ്ക് |
|---|---|
| പഞ്ചവത്സര എൽഎൽ.ബി. | **'Integrated Five Year LL.B 2021 - Candidate Portal'** |
| ത്രിവത്സര എൽ.എൽ.ബി | **'Three Year LL.B 2021 - Candidate Portal'** |
| എൽ.എൽ.എം | **'LLM 2021 - Candidate Portal'** |
| എം.ബി.എ (കെമാറ്റ്) | **'KMAT 2021 - Candidate Portal'** |

അതാത് കോഴ്സുകളുടെ ലിങ്കുകളിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ **ആപ്ലിക്കേഷൻ നമ്പറും, പാസ്‌വേഡും** കൃത്യമായി നൽകിയതിനുശേഷം **'Admit Card'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽഎൽ.ബി/ കെമാറ്റ് ഓൺലൈൻ പരീക്ഷകളുടെ **'Admit Card'** 04.08.2021 മുതലും ത്രിവത്സര എൽഎൽ.ബി/ എൽ.എൽ.എം കോഴ്സുകളുടെ **'Admit Card'** 05.08.2021 നും ലഭ്യമാകുന്നതാണ്.

പരീക്ഷക്കുള്ള അഡ്മിറ്റ് കാർഡുമായാണ് അപേക്ഷകൻ പരീക്ഷാ ഹാളിൽ ഹാജരാകേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല. വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ട് അഭികാമ്യമായിരിക്കും.

സമർപ്പിച്ച ഓൺലൈൻ അപേക്ഷയിലെ പേര്, ഒപ്പ്, ഫോട്ടോ എന്നിവയിലെ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. അവർക്ക് ഹോം പേജിലെ

**‘Memo’** എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാവുന്നതാണ്. അത്തരം അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **07.08.2021 വൈകീട്ട് 5 മണിക്കു** മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. തപാൽ/ ഇ–മെയിൽ/ ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്നതല്ല.

അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാൻ സാധിച്ചിട്ടുള്ള അപേക്ഷകർക്ക് അവരുടെ പേര്, ഫോട്ടോ, ഒപ്പ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ അവ **പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഇ-മെയിൽ** മുഖാന്തിരം **07.08.2021 വൈകീട്ട് 5 മണിക്കു** മുൻപായി സമർപ്പിക്കണം. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

ആപ്ലിക്കേഷൻ നമ്പർ മറന്നുപോയ അപേക്ഷകർ **‘Forgot Application Number’** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് ആവശ്യമായ വിവരങ്ങൾ നൽകിയാൽ ആപ്ലിക്കേഷൻ നമ്പർ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471–2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
04.08.2021